13

# ബെസൊരിൽ ഒരു പടയാളി

## പ്രതിഫലം ലഭിച്ച ഒരു ചെറിയ സേവനം

## (30:21- 25)

ലോകമഹായുദ്ധം II നടന്ന ഇരുണ്ട സമയത്ത്, "സ്വദേശ മുന്നണി" എന്ന പ്രയോഗം പലപ്പോഴും കേൾക്കാമായിരുന്നു. അന്നത്തെ പ്രധാന നായകൻ സന്ദേശത്തെ ചുരുക്കമായി എടുത്തു കാണിക്കയും വ്യക്തമാക്കുകയും ചെയ്തിരുന്നു: "കാത്തുനിൽക്കുന്നവർക്കു മാത്രവും അവർ സേവനം ചെയ്തിരുന്നു." അർത്ഥം വ്യക്തമായിരുന്നു. നിങ്ങൾ ചെയ്യുന്നതു എന്തായിരുന്നാലും, അതു ചെറുതാണെന്നു തോന്നിയാലും, അതു മൊത്തത്തിലുള്ള യുദ്ധപരിശ്രമങ്ങളെ സഹായിക്കുന്നതായിരുന്നു. എല്ലാ അമേരിക്കക്കാരും വെളിയിലായിരുന്നാലും, "സ്വദേശത്തായിരുന്നാലും" ഒരുമിച്ചു യുദ്ധത്തിലായിരുന്നു.

അത്തരം ഒരു ഏകീകൃത സേവനമാണ് 30:21-25 ൽ നാം കാണുന്നത്. ദാവീദും തന്റെ അറുന്നൂറു പേരടങ്ങുന്ന സൈന്യവും സിക്ളാഗിലേക്കു മടങ്ങി വന്നപ്പോൾ തങ്ങളുടെ വിലപ്പെട്ടതെല്ലാം നശിച്ചതായാണ് കണ്ടത്. അവരുടെ വീടുകളെല്ലാം കത്തി ചാരമായിത്തീർന്നിരിക്കുന്നു, അവരുടെ വീട്ടിലുണ്ടായിരുന്നവരെ എല്ലാം പ്രവാസികളായി കൊണ്ടു പോയിരിക്കുന്നു, അവരുടെ സമ്പാദ്യങ്ങളെല്ലാം കവർന്നെടുക്കപ്പെട്ടിരിക്കുന്നു. യുദ്ധവിദഗ്ദ്ധരുടെ ഹൃദയം ദുഃഖത്താൽ നിറഞ്ഞു യുദ്ധത്തിന്റെ കെടുതിയാൽ കഠിനപ്പെട്ടിരിക്കുന്നു (30:4). ദൈവത്തോടു ആലോചന ചോദിച്ച ശേഷം, കൊള്ള നടത്തിയ അമാലേക്യരെ ദാവീദ് പിൻതുടർന്നു. അവന്റെ സൈന്യങ്ങളെല്ലാം തളർന്നിരുന്നു. ആവശ്യമില്ലാത്ത സാമഗ്രികളെ നോക്കുവാനായി, വൈകാരികമായി തളർന്ന ഇരുന്നൂറു സൈനികരെ ബെസൊരിൽ ആക്കി. ശേഷിച്ച നാനൂറു പേർ പെട്ടെന്നു ചെന്നു കൊള്ള എല്ലാം പിടിച്ചെടുത്തു. ആ നാനൂറു പേർ മടങ്ങി വന്നപ്പോൾ "സാമഗ്രികൾ നോക്കിയിരുന്ന" ഇരുനൂറുപേർക്ക് കൊള്ളയിൽ ഓഹരി ഇല്ല എന്നു വാദിച്ചു. അവരുടെ കയ്പ്പേറിയ മനോഭാവം 30:22-24 ലെ വാക്കുകളിൽ കാണാം.

സർവ്വശക്തനെ സേവിക്കുന്നതിൽ വലിയ ഒരു തത്വം നമുക്ക് ഇവിടെ കാണാം. ആ നാനൂറു പേരുടെ വാക്കുകളിൽ സേവനത്തിന്റെ ഒരു നിഷേധ കാഴ്ച്ചപ്പാടു കാണാം. ചെറിയ മനുഷ്യൻ എങ്ങനെ ചില സേവനത്തെ കാണുന്നു എന്നും അതേ സേവനത്തെ ദൈവം എങ്ങനെ കാണുന്നു എന്നു മുള്ള അതിശയകരമായ ഒരു ഉൾക്കാഴ്ച്ച നല്കുകയാണിവിടെ.

**പറഞ്ഞ തത്വം**

ആ നാനൂറു പേരുടെ വാക്കുകൾ ദാവീദ് കേട്ടപ്പോൾ അവൻ ഉടനെ ആ തെറ്റ് തിരുത്തി. ദാവീദിനെ സംബന്ധിച്ചു എല്ലാവരും പരിശ്രമത്തിലായി രുന്നു. ചിലർ ഒരുകാര്യം ചെയ്തപ്പോൾ മറ്റുള്ളവർ വേറെ കാര്യങ്ങൾ ചെയ്തു. ഒരാൾ സാമഗ്രികളുമായി ബന്ധപ്പെട്ടിരിക്കുകയോ അവയെ സൂക്ഷി ക്കുകയോ ചെയ്താലും, ദാവീദിനു അവർ പ്രാധാന്യമുള്ള സേവനം നട ത്തുകയായിരുന്നു!

"ഏറ്റവും ചെറിയ'' താണെങ്കിലും ഏതു പ്രവൃത്തിയായാലും ചെയ്യുന്ന വരോടു, ദൈവത്തിന് കരുതലുണ്ടെന്നു ബൈബിളിലെ പല വാക്യങ്ങളും തെളിയിക്കുന്നു! സെഖര്യാവു 4:10-ൽ ദൈവാലയപണി തുടങ്ങുന്നതു നിസാ രമായ കുഴൽപ്പണിയോടെയാണ്. മതിലിൽ നിസാരമായ കുഴൽപ്പണി നട ത്തിയവരിലും ദൈവം സംപ്രീതനായിരുന്നു. മർക്കൊസ് 14:8-ൽ, മറിയ യേശു വിനെ തൈലം പൂശിയപ്പോൾ, അവ ൾക്കു ചെയ്യാവുന്നതു മാത്രമെ അവൾ ചെയ്തുള്ളൂ. ചിലർ ആ പ്രവൃത്തിയെ നിഷ്ഫലപ്രവൃത്തിയായിട്ടായിരുന്നു കണ്ടത്, പക്ഷെ നമ്മുടെ കർത്താവു അങ്ങനെ കണ്ടില്ല! യോഹന്നാൻ 6:9-ൽ അന്ത്രയൊസിനു നിസാരമായി തോന്നിയ അപ്പം ഉപയോഗിച്ചു യേശു വലിയ ഒരു ഉദ്ദേശം നിറവേറ്റി. ചെറുതിനെയും നിസാരമായതിനെയും നാം നിന്ദിച്ചു തള്ളിക്കളയുമ്പോൾ, കർത്താവു അതിനെ ഉപയോഗിക്കും (മത്തായി 10:42; മർക്കൊസ് 9:41; മുതലായവ.). ദൈവത്തിനു എല്ലാ സേവനവും പ്രാധാന്യ മുള്ളതാണ്! (സെഖര്യാവു 4:66).

**പരിശീലിച്ച തത്വം**

ഇരുനൂറു പേരെയാണ് സാധനങ്ങൾ നോക്കുവാൻ ഏല്പിച്ചിരുന്നത്. അമാലേക്ക്യരെ കീഴടക്കുവാൻ ഇതു ദാവീദിനെ സഹായിച്ചു. ആ ഇരുന്നൂറു പേരും വിജയത്തിനു സഹായകരമായി തീർന്നിട്ടുണ്ട്. യുദ്ധം ജയിച്ച ശേഷം ദാവീദ് ബെസൊരിലെ ആ ഇരുന്നൂറു പേരുടെ അടുക്കൽ മടങ്ങിവന്നു അവരെ വന്ദനം ചെയ്തു. ആ വന്ദനം ചെയ്തതിൽ നമുക്ക് താഴെ കാണു ന്നവ കണ്ടെത്താം:

*നാമെല്ലാം തുല്യരായ ദാസന്മാരും, ഓരോരുത്തർക്കും ശരിയായ പ്രവൃ ത്തിയുമുണ്ട്.* അവിടെയിരുന്നു സാധനങ്ങൾ നോക്കുവാനായിരുന്നു ആ പടയാളികളോടു പറഞ്ഞിരുന്നത്. അവരുടെ ജോലി പ്രാധാന്യമുള്ളതായി രുന്നു. സേവനത്തെ അതിന്റെ "പ്രാധാന്യം" അനുസരിച്ച് തരം തിരിക്കുന്ന തുകൊണ്ടാണ് പലർക്കും ഈ പാഠം കാണുവാൻ കഴിയാത്തത്.

ഇത്തരം മനോഭാവമാണ് കൊരിന്തിൽ ദുഃഖപര്യവസാനമായി തീർന്ന ത്, ഈ തെറ്റിനെ നേരിടുവാൻ പൗലൊസിന്റെ ലേഖനത്തിൽ മൂന്നു ശക്ത മായ പോയിന്റുകളുണ്ട് (1 കൊരിന്ത്യർ 12:12-28). ഒന്നു, ഓരോ അവയവവും വ്യത്യസ്തമാണെങ്കിലും തുല്ല്യരാണ് (1 കൊരിന്ത്യർ 12:15). രണ്ട്, ഓരോ അവ

യവവും മറ്റുള്ള അവയവങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു (1 കൊരിന്ത്യർ 12:26; കൊലൊസ്യർ 2:2). മൂന്നു, "ഏറ്റവും സാധാരണമായതു" ഏറ്റവും ആവശ്യമുള്ളതാണ് (1 കൊരിന്ത്യർ 12:22–24).

ഒരിക്കൽ, ഒരു കൂട്ടം മൃഗങ്ങൾ അവരുടെ ക്ഷേമാഭിവൃദ്ധിക്കു ഒരു സ്കൂൾ തുടങ്ങുവാൻ തീരുമാനിച്ചു. സ്ക്കൂളിൽ നീന്തൽ, ഓട്ടം, കയറ്റം, പറക്കൽ എന്നിവയും ഉൾപ്പെടുത്തി. നീന്തലിൽ മുൻപന്തിയിലായിരുന്ന താറാവു, മറ്റുള്ളവയിൽ പുറകിലായിരുന്നതുകൊണ്ടു, കയറുന്നതിലും, ഓടുന്നതിലും, പറക്കുന്നതിലും, നീന്തലിൽ ഉള്ളതുപോലെ, പ്രാവീണ്യത്തിനായി ശ്രമിക്കുവാൻ തീരുമാനിച്ചു. ഓട്ടത്തിൽ മിടുക്കനായ മുയൽ, മറ്റുള്ളവയിൽ പ്രാഗത്ഭ്യം നേടുവാൻ ശ്രമിച്ച്, അവസാനം ഓട്ടത്തിലുള്ള വേഗത കുറഞ്ഞു പോയി. കയറ്റത്തിൽ "എ" ഗ്രെയിഡുണ്ടായിരുന്ന അണ്ണാനെ, അവന്റെ അദ്ധ്യാപകർ നീന്തുവാനും പറക്കുവാനും പഠിപ്പിക്കുവാൻ മണിക്കൂറുകൾ വേണ്ടിവന്നതിനാൽ, അവസാനം കയറ്റത്തിലുള്ള അവന്റെ ഗ്രെയിഡ് "സി" ആയിപ്പോയി. പരുന്തിനു സ്വാഭാവികമായി പറക്കുവാനുള്ള കഴിവുണ്ടായിരുന്നിട്ടും, മരത്തിന്റെ മുകളിലേക്കു വേഗതയിൽ കയറുവാൻ പരിശീലനം നൽകേണ്ടിവന്നു. ഇത്തരം വേദനിപ്പിക്കുന്ന സംഭവങ്ങളാണ് സഭയിൽ നടക്കുന്നത്. ഓരോരുത്തർക്കും പ്രത്യേക വരങ്ങളാണുള്ളത്, പക്ഷെ ചിലർ അതിൽ തൃപ്തരാകാതെ തങ്ങൾ പ്രാധാന്യമുള്ളവരല്ല എന്ന ചിന്തയാൽ അതിനപ്പുറം പോയി "വലിയ ജോലി" ചെയ്യുവാൻ ആഗ്രഹിക്കുന്നു (ഒ.വാ. 12:6.) ആ തത്വം ബെസൊരിലെ സന്ദേശത്തിലൂടെ തെറ്റാണെന്നു വെളിപ്പെടുത്തിയിരിക്കുകയാണ്, കാരണം എല്ലാവരും തുല്യരാണെങ്കിലും എല്ലാവരും വ്യത്യസ്തരാണ്!

*ദൈവപദ്ധതികൾ നിറവേറ്റുവാൻ സഭയിൽ വ്യത്യസ്ത സേവനം ആവശ്യമാണ്.* "ബെസൊരിൽ ഇരിക്കുന്നതു" നിഷ്പ്രയോജനമാണ് കാരണം നിങ്ങൾ യുദ്ധക്കളത്തിൽ അല്ല! മറ്റൊരാൾ ചെയ്യുന്നതു നിങ്ങൾക്കു ചെയ്യുവാൻ കഴിയുകയില്ല എന്നതുകൊണ്ട് വിഷമിക്കുന്നതിൽ അർത്ഥമില്ല. നാം ദൈവത്തിന്റെ സൈന്യത്തിലെ പടയാളികളെന്നപോലെ, നമ്മുടെ വിചാരം സഭാപ്രസംഗി 9:10–ലേതുപോലെ ആകണം. വ്യക്തിപരമായി നമുക്കു ചെയ്യുവാൻ കഴിയുന്നതിനു നാം ഉത്തരവാദിത്വമുള്ളവരാണ്! ഒരു അജ്ഞാത ലേഖകൻ രചിച്ച, താഴെ കൊടുത്തിരിക്കുന്ന പദ്യം, വ്യക്തിപരമായ കടമയുടെ ആവശ്യത്തെ ചിത്രീകരിക്കുന്നതാണ്.

സൂര്യാസ്തമയം

നിങ്ങൾ ദിവസം പാഴാക്കുകയാണോ അതോ ഉപയോഗിക്കുകയാണോ?
അതു നന്നായിട്ടാണോ അതോ മോശമായിട്ടാണോ ചെലവഴിച്ചത്?
നിങ്ങൾ വിട്ടുപോകുന്നതു സൂര്യപ്രകാശകിരണമാണോ,
അതോ അസന്തോഷത്തിന്റെ മറുകാണോ?
ഉറക്കത്തിൽ നിങ്ങൾ കണ്ണടച്ചിരിക്കുമ്പോൾ
നിങ്ങൾ ഇന്നു ചെയ്ത പ്രവൃത്തിയാൽ,
നിങ്ങൾ ഒരു നാളെ കൂടെ സമ്പാദിച്ചിരിക്കുന്നു
എന്നു ദൈവം പറയുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

*പ്രകടമായതും പ്രകടമല്ലാത്തതുമായ സേവനം ദൈവത്തിനു പ്രാധാ*

*ന്യമുള്ളതാണ്.* "ദൃശ്യമായ സ്ഥലങ്ങളിൽ" തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാൻ കഴിയാത്തവർക്കു, അദൃശ്യമായി ദൈവരാജ്യത്തിൽ സുപ്രധാന സേവനം നടത്തുവാൻ കഴിയും. ഉപദേഷ്ടാവും മൂപ്പന്മാരും മുൻപന്തിയിലായിരിക്കും, എന്നാൽ ദൈവഭക്തരായ അമ്മമാർ, ആദരവുള്ള അപ്പന്മാർ, ശാന്തരായ ബുദ്ധിയുള്ള വിശുദ്ധന്മാർ, വിധവമാരുടെ ചെറിയ സംഭാവനകൾ, മണിക്കൂറുകൾ നിരന്തരമായി പ്രാർത്ഥിക്കുന്നവർ ഇങ്ങനെയുള്ളവരില്ലെങ്കിൽ അവരുടെ സ്ഥാനം എവിടെയായിരിക്കും? പലരും "ബെസൊരിൽ ഇരുന്നു" ശാന്തമായ സേവനം നടത്തുന്നതുകൊണ്ടാണ് സഭ അങ്ങനെ നിൽക്കുന്നത്! (സഭാപ്രസംഗി 9:10).

*നമ്മുടെ സേവനം നിത്യമായ അംഗീകാരത്തിനിടയാകും.* ദാവീദ് ബെസൊരിൽ മടങ്ങിച്ചെന്നപ്പോൾ, അവൻ സാമഗ്രികൾ നോക്കിയിരുന്നവരെ വന്ദനം ചെയ്തു (30:21). അവരിൽ താല്പര്യമുണ്ടെന്നും അവരെ ബഹുമാനിക്കുന്നുണ്ടെന്നും കാണിക്കുന്നതായിരുന്നു ആ വന്ദനം. അങ്ങനെ അവൻ ചെയ്തത് മോശെയെയും (സംഖ്യാപുസ്തകം 31:27) യോശുവയെയും (യോശുവ 22:8) അനുകരിച്ചുകൊണ്ടായിരുന്നു. ദാവീദിന്റെ അംഗീകാരം വലുതായിരുന്നതുപോലെ, ഇപ്പോഴും ക്രിസ്തുവിൽ നാം ചെയ്യുന്ന സേവനത്തിനു അതിലും വലിയ അംഗീകാരമാണ് ലഭിക്കുവാൻ പോകുന്നത് (മത്തായി 10:2; 25:35, 36). അന്ത്യനാളിൽ നമ്മുടെ സേവനത്തിനു വലിയ അംഗീകാരം കേൾക്കുന്നത് എത്ര മനോഹരമാണ് (മർക്കൊസ് 14:8). ബെസൊരിലെ പോലെയുള്ള സേവനം നടത്തിയവർക്കു വേണ്ടി വെച്ചിരിക്കയാണ് അത്.

**വെല്ലുവിളിച്ചതായ തത്വം**

ആ തത്വം വലുതായിരിക്കുന്നതുപോലെ, ആ പരിശീലനം പലപ്പോഴും നിന്നുപോകാൻ സാധ്യതയുണ്ടെന്ന വെല്ലുവിളിയുമുണ്ട്. ആ വെല്ലുവിളിയെ സെഖര്യാവു 4:10–ൽ "തുഛീകരിക്കുക" എന്ന വാക്കിൽ വെളിപ്പെടുത്തിയിരിക്കുന്നു. "തുഛീകരിക്കുക" എന്ന വാക്കിന്റെ അർത്ഥം നിന്ദിക്കുക, അപ്രധാനമെന്നു കരുതുക, അല്ലെങ്കിൽ എന്തെങ്കിലും കാര്യമില്ലാത്തതുപോലെ കണക്കാക്കുക. അതാണ് 30:22–ൽ നടന്നത്. സാധനങ്ങൾ നോക്കിയിരുന്നവരെ തരം താഴ്ന്നവരായി കണ്ടു.സേവനത്തിലെ വലിയ തത്വത്തെ കണ്ടില്ലെന്നു നടിക്കുന്നതു അജ്ഞതയും, അഹങ്കാരവും, സ്വാർത്ഥതയും കൊണ്ടാണ്. അതു ഇന്നും സംഭവിക്കുന്നു എന്നതിൽ ദുഃഖമുണ്ട്.

വിശാലമായ രണ്ടു മേഖലകളിൽ, സേവനതത്വം വെല്ലുവിളിയുയർത്തുകയും പലപ്പോഴും പരാജയപ്പെടുകയും ചെയ്യുന്നു. ഒന്നു, "സാമഗ്രികൾ നോക്കുന്നവർ" ശരിയായി മനസിലാക്കാത്തതുകൊണ്ടു പലപ്പോഴും നിരുൽസാഹപ്പെടും (മത്തായി 18:6). സേവനം എന്തായാലും, നാം ദൈവത്തെയാണ് സേവിക്കുന്നത്, എന്ന് തിരിച്ചറിയണം! എല്ലാ ജോലികൾക്കും നന്ദിയുള്ളവരായിരിപ്പാൻ ഈ മനസ്സിലാക്കൽ സഹായിക്കും!

*രണ്ട്*, "സാമഗ്രികൾ നോക്കുന്നവരോട്" പലപ്പോഴും നിർവ്വികാരമായിട്ട് ഇടപെടുന്നത് കാണാം (30:22). യുദ്ധത്തിൽ നിന്ന് മടങ്ങിവന്ന സൈന്യം സാമഗ്രികൾ നോക്കിയവരോടു പെരുമാറിയ രീതി ശ്രദ്ധിച്ചു നോക്കുക. അവർ കൈപ്പും, കാഠിന്യവും, ഭക്തിഹീനതയും ഉള്ളവരായിരുന്നു. അവർ തങ്ങളുടെ സഹപ്രവർത്തകരോടു മുറുമുറുക്കുകയും ഉയർന്ന മനോഭാവത്തോടെ ക്രൂരതയോടു പെരുമാറുകയും ചെയ്തു! ഇത് ദയയോടും സഹതാപത്തോടും

വന്ദനം ചെയ്ത ദാവീദിന്റെ സ്വഭാവത്തിന് നേരെ എതിരായിരുന്നു (30:21).

**ഉപസംഹാരം**

ക്രിസ്തുവിന്റെ സഭയിൽ സേവനം നടത്തുവാനാണ് നമ്മെ എല്ലാം നിയോഗിച്ചിരിക്കുന്നത്. അങ്ങനെ നാം നമുക്ക് കഴിവുള്ള ഏതു പ്രവൃത്തിയും ചെയ്യണം (1 തിമൊഥെയൊസ് 1:12; ലൂക്കൊസ് 12:42, 43, 47, 48; മർക്കൊസ് 14:8).

നിങ്ങൾ കർത്താവിന്റെ സഭയിൽ ചെയ്യുന്ന സേവനത്തെ പരിഗണിക്കുക. ആത്മീയ വർദ്ധനവും ആദരവും പ്രകടിപ്പിക്കുന്ന ആരാധന ആകേണ്ടതിന് നിങ്ങൾക്ക് കഴിയുന്നതെല്ലാം ചെയ്യുക. പലപ്പോഴും "ചെറിയ കാര്യങ്ങൾ" ആണ് സന്ദർശകനെ സന്തോഷിപ്പിക്കുന്നതും ആരാധന വശ്യമാക്കുന്നതും. ക്രിസ്തു നിങ്ങളിൽ വസിക്കുന്നു എന്ന് നഷ്ടപ്പെട്ടവർക്ക് ബോധ്യമാകുവാൻ നിങ്ങൾക്കു കഴിയുന്നതെല്ലാം ചെയ്യുക. പലപ്പോഴും "ചെറിയ കാര്യങ്ങൾ" ആത്മവിശ്വാസം നൽകുന്നതും ഭാവി പരിവർത്തനത്തിന് വഴിയൊരുക്കുന്നതുമാണ്. നിങ്ങളുടെ സഹോദരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് കഴിയുന്നതെല്ലാം നാം ചെയ്യുക. ഹൃദയങ്ങളെ ധ്യാനത്തിലേക്കും എരിവിലേക്കും ജ്വലിപ്പിക്കുന്ന പരിഗണനയും ദയവും ലക്ഷ്യമാക്കുവാൻ സഹായിക്കുന്നവയാണ് പലപ്പോഴും "ചെറിയ കാര്യങ്ങൾ." സേവനത്തെ സംബന്ധിച്ച് ബെസൊരിലെ പടയാളികൾ നമുക്ക് ശക്തമായ ഒരു പാഠം നൽകുന്നു. യോജിച്ച സേവനത്തിനുള്ള പ്രതിഫലം ധനികമാണ്, കാരണം "എല്ലാവർക്കും ഓഹരി തുല്യമാണ്." നിങ്ങൾക്കു കഴിയുന്നതു ചെയ്ത്, മറ്റുള്ളവരുടെ "ചെറിയ കാര്യങ്ങളെ" ശ്രദ്ധയോടെ കാണുകയും, അവരുടെ അനുഗ്രഹീത പ്രവർത്തികളെ തുടർച്ചയായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ബെസൊരിലെ വിജയമനോഭാവത്തെ സൂചിപ്പിക്കുന്ന അബ്രഹാം ലിങ്കന്റെ ജീവിതത്തിലെ ഒരു സംഭവം ബ്രൂസ് ബർട്ടൺ പറയുകയുണ്ടായി. ആഭ്യന്തര യുദ്ധത്തിന്റെ പുരോഗതിയുടെ പ്രഥമ വിവരം അറിയുവാൻ ആഗ്രഹിച്ചു, ലിങ്കൺ, ജനറൽ മെക്ക് ക്ലെല്ലന്റെ സഹായം അന്വേഷിച്ചു. പ്രസിഡന്റും ഒരു കാബിനറ്റ് അംഗവും മെക്ക് ക്ലെല്ലന്റെ വീട്ടിൽ എത്തിയപ്പോൾ അയാൾ അവിടെ ഇല്ലാതിരുന്നതുകൊണ്ട്, ലിങ്കണ് ഒരു മണിക്കൂർ കാത്തിരിക്കേണ്ടിവന്നു. അവസാനം ജനറൽ മടങ്ങി വന്നു. ലിങ്കണിനെ വന്ദനം ചെയ്യുന്നതിനുപകരം, അയാൾ മുകളിലേക്ക് നടന്നു തന്റെ കിടക്ക മുറിയിലേക്കു പോയി, ഒരു ദാസനെ അയച്ച് ഇപ്പോൾ ക്ഷീണം മൂലം പ്രസിഡന്റിനെ കാണുവാൻ കഴിയുകയില്ല എന്നറിയിച്ചു. ഇതു കേട്ടപ്പോൾ ലിങ്കണിന്റെ കൂടെ ഉണ്ടായിരുന്ന ആൾ കോപം കൊണ്ട് പൊട്ടിത്തെറിച്ചു, എന്നാൽ ലിങ്കണിന്റെ കൈ ആ മനുഷ്യന്റെ തോളിൽ സൗമ്യമായി തട്ടി പറഞ്ഞു, "അതിനെ അത്ര കാര്യമായി എടുക്കേണ്ട. അയാൾ വിജയം കൊണ്ടുവരുമെങ്കിൽ ഞാൻ മെക്ക് ക്ലെല്ലന്റെ കുതിരയെ എടുക്കും!"